# ദക്ഷിണധ്വനി

സൗത്ത് പാമ്പാടി സെന്റ് തോമസ് യുവജനപ്രസ്ഥാനം പ്രസിദ്ധീകരണം | വിശേഷാൽ പതിപ്പ് | സെപ്റ്റംബർ 16, 2008 | പേജ് 2


## പത്രാധിപധ്വനി

## ആധുനിക പൊത്തൻപുറത്തിന്റെ ശില്പി

പൊത്തൻപുറം എന്ന പദം കേൾക്കുമ്പോൾ മലയാളികളുടെ മനസ്സിൽ ആദ്യം എത്തുന്ന നാമം മലങ്കരയുടെ മഹാപരിശുദ്ധനായ കുറിയാക്കോസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായുടേതാണ്, ദ്വിതീയ നാമം അദ്ദേഹത്തിന്റെ ശിഷ്യനായ പി. സി. യോഹന്നാൻ റമ്പാൻ എന്ന സന്യാസിവര്യന്റേയും. മഹായോഗിയായ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായുടെ പർണ്ണശാലയായി മാറിയ പൊത്തൻപുറം കുന്ന് വന്ദ്യ റമ്പാച്ചന്റെ പ്രവർത്തനഫലമായി വിദ്യാഭ്യാസ - ആതുരസേവന കേന്ദ്രമായി മാറി. കേരളത്തിന്റെ സാമൂഹിക - മത - സാംസ്കാരിക രംഗങ്ങളിൽ നിറഞ്ഞു നിന്നിരുന്ന വ്യക്തിത്വമായിരുന്നു റമ്പാച്ചന്റേത്.

റമ്പാച്ചന്റെ ഗുരുഭക്തി പ്രസിദ്ധമാണ്. പ്രവൃത്തി സന്ദേശമായിക്കണ്ട മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായുടെ ആശയങ്ങൾ ജനഹൃദയങ്ങളിലെത്തിക്കാൻ കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ പഠനസദസുകൾ സംഘടിപ്പിക്കുന്നതിൽ റമ്പാൻ ഔൽസുക്യം പ്രകടിപ്പിച്ചു. തന്റെ ഗുരുവിന്റെ വാസത്താൽ പരിപാവനമാക്കപ്പെട്ട ഭവനത്തിൽ തന്നെയാണ് റമ്പാനും വസിച്ചത്.

സഭാ സേവനത്തിൽ റമ്പാൻ എന്നും മുൻപന്തിയിലായിരുന്നു. സഭാ മാനേജിംഗ് കമ്മറ്റി അംഗം, ഭദ്രാസന ഓഫീസ് മാനേജർ, ദയറായുടേയും അനുബന്ധ സ്ഥാപനങ്ങളുടേയും മാനേജർ, വിവിധ സഭാ സമിതികളിൽ അംഗം എന്നീ നിലകളിലെല്ലാം വ്യക്തിമുദ്ര പതിപ്പിച്ചു.

പൊത്തൻപുറം എന്ന കുന്നിൻപ്രദേശത്ത് കെ. ജി. കോളജ്, എം. എം. ഐ. ഐ. റ്റി. സി., ബി. എം. എം. ഹയർ സെക്കൻഡറി സ്കൂൾ തുടങ്ങിയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്ഥാപിച്ച് പാമ്പാടി എന്ന ഗ്രാമത്തിൽ വിദ്യാഭ്യാസ വിപ്ലവത്തിന് തുടക്കം കുറിച്ചത് പ്രവൃത്തിക്കുന്ന സന്യാസിവര്യനായ യോഹന്നാൻ റമ്പാനാണ്.

"നിന്നെപ്പോലെ നിന്റെ അയൽക്കാരനേയും സ്നേഹിക്കുക" എന്ന കർതൃവചനം ഉൾക്കൊണ്ട് അനാഥരും അശരണരുമായ വൃദ്ധജനങ്ങളേയും കുട്ടികളേയും സംരക്ഷിക്കുന്നതിന് അഭയഭവനും ബാലഭവനും സ്ഥാപിച്ച സന്യാസിശ്രേഷ്ഠൻ പ്രവൃത്തിയില്ലാത്ത വിശ്വാസം നിർജീവമാണെന്ന് തെളിയിച്ചു. എല്ലാവരാലും തഴയപ്പെട്ട എയിഡ്സ് ബാധിതരുടെ കുട്ടികളെ സ്നേഹവാൽസല്യം പകർന്നു നൽകി വളർത്തുന്നതിൽ റമ്പാൻ കാണിച്ച ശുഷ്കാന്തിയുടെ പ്രതീകമാണ് ആശാകിരൺ. രണ്ടോ മൂന്നോ ആതുര സ്ഥാപനങ്ങൾ ആരംഭിച്ച് അവയുടെ പ്രവർത്തനവുമായി അവയിലേക്ക് ഉൾവലിഞ്ഞ വ്യക്തിയല്ല റമ്പാച്ചൻ. പിന്നെയോ, കേരളത്തിലങ്ങോളമിങ്ങോളം ഓടിനടന്ന് വിവിധ ആതുര സ്ഥാപനങ്ങളെ കെട്ടിപ്പടുക്കുകയും വളർത്തുകയും ചെയ്യുന്നതിന് സാധിച്ച സന്യാസിവര്യനായിരുന്നു അദ്ദേഹം.

കേരളത്തിലെ വീട്ടമ്മമാരുടെ കണ്ണീരൊപ്പിയ മഹാനാണ് ഈ സന്യാസി ശ്രേഷ്ഠൻ. മദ്യവർജ്ജന പ്രസ്ഥാനത്തിന്റെ സന്ദേശവുമായി കേരളത്തിലുടനീളം അദ്ദേഹം പ്രയാണം ചെയ്തു. നിരവധി മദ്യഷാപ്പുകളുടെ പ്രവർത്തനം നിർത്തുന്നതിന് പരിശ്രമിച്ച അദ്ദേഹം സമൂഹ നന്മയ്ക്ക് വേണ്ടി സ്വന്ത ജന്മദിനത്തിൽ പോലും ഉപവസിച്ചു.

പാമ്പാടി തിരുമേനിയുടെ പരിശുദ്ധ പ്രഖ്യാപനം, മാർ ഗ്രീഗോറിയോസ് മ്യൂസിയം, മദ്യവിമുക്ത കേരളം, എയിഡ്സ് രോഗികൾക്കായി സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രി തുടങ്ങിയ സാക്ഷാത്കരിക്കാൻ സാധിക്കാത്ത റമ്പാച്ചന്റെ അഭിലാഷങ്ങൾ നിരവധിയാണ്. ഇവ പ്രവൃത്തിപഥത്തിലെത്തിക്കുന്നതിലൂടെയാണ് നമുക്ക് അദ്ദേഹത്തിന്റെ നാമം അനശ്വരമാക്കുവാൻ സാധിക്കുന്നത്.

വന്ദ്യ റമ്പാച്ചന് സൗത്ത് പാമ്പാടി സെന്റ് തോമസ് ഇടവകയുടേയും ദക്ഷിണധ്വനിയുടേയും ആദരാഞ്ജലികൾ അർപ്പിക്കുകയും ആത്മശാന്തിക്കായി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

**വിപിൻ കെ. വറുഗീസ്**
**(ചീഫ് എഡിറ്റർ)**

## നമോവാകം

**വന്ദ്യദിവ്യശ്രീ പി. സി. യോഹന്നാൻ റമ്പാൻ.**

- ❁ വിശുദ്ധിയുടെ പ്രതീകമായ പരിശുദ്ധ പാമ്പാടി തിരുമേനിയെന്ന മാടപ്രാവിനെ ഉപാസിച്ച പുരോഹിത ശിഷ്യൻ.
- ❁ ഭരണനൈപുണ്യത്തിന്റെ സിംഹഗർജ്ജനമായ പാറേട്ട് മാർ ഈവാനിയോസ് തിരുമേനിയുടെ ഉദാത്ത ശുശ്രൂഷകൻ
- ❁ മാർ കുറിയാക്കോസ് ദയറായെ വളർച്ചയിൽ നിന്ന് വളർച്ചയിലേക്ക് കൈപിടിച്ച് നടത്തിയ കാര്യദർശി
- ❁ ദയറായുടെ യാമങ്ങളെ പ്രാർത്ഥനാ മന്ത്രങ്ങളാൽ മുഖരിതമാക്കിയ പ്രാർത്ഥനാ നിർത്ധരി
- ❁ പൗരസ്ത്യ തപചര്യയുടെ മുഖമുദ്രയായ നോമ്പുപവാസങ്ങൾ കൊണ്ട് തന്റെ ജീവിതത്തെ മെനഞ്ഞ് രൂപപ്പെടുത്തിയ സ്വയശിക്ഷിതൻ
- ❁ ഭരമേറ്റതിലൊക്കെ വിശ്വസ്തതയോടെ പ്രവർത്തിച്ച പ. സഭയുടെ വിശ്വസ്തനും നല്ലവനുമായ കാര്യവിചാരകൻ
- ❁ 'പൊത്തൻപുറ'മെന്ന 'പുത്തൻപുര'ത്തിന്റെ സൽക്കീർത്തി നാടൊട്ടുക്ക് പ്രചരിപ്പിച്ച പ്രഘോഷകൻ
- ❁ അഗതികളെ നാടുനീളെ നടന്ന് നെല്ലു പിരിച്ച് പോറ്റിയ കലവറക്കാരൻ
- ❁ പാമ്പാടിയെ അക്ഷരദീപ്തിയിൽ ഉത്തുംഗത്തിലെത്തിച്ച വിദ്യാഭ്യാസ സംരംഭകൻ
- ❁ ലഹരിക്കെതിരെ പടവാളുയർത്തിയ പോരാളൂരിന്റെ പോരാളി
- ❁ സമയത്തിന്റെ ഘടികാരത്തെ നിർനിദ്രപ്രയത്നം കൊണ്ട് പുറകോട്ടടിച്ച അത്യദ്ധ്വാനി
- ❁ ആരോപണങ്ങളെ പ്രത്യാരോപണങ്ങളാൽ നേരിടാത്ത നിർഭയത്വത്തിന്റെ മുഖശ്രീ

അതേ 'യൂഹാനോൻ' എന്ന ഈ 'ദൈവദാന'ത്തിന് വിശേഷണങ്ങൾ അവസാനിക്കുന്നില്ല. 73 വർഷം നീണ്ട ഈ കർമ്മയോഗിയുടെ കർമ്മകാണ്ഡത്തിന്റെ ഏടുകൾ ഇവിടെ അവസാനിക്കുമ്പോൾ ഈ ദീപ്തജീവിതത്തിന്റെ നല്ല മാതൃകകളിലൂടെ അനേകർ ഉയർത്തെഴുന്നേൽക്കട്ടെ.

സൗത്ത് പാമ്പാടി സെന്റ് തോമസ് ഇടവകയുടേയും മുഖപത്രമായ ദക്ഷിണധ്വനിയുടേയും ശ്രദ്ധാഞ്ജലി.

**ഫാ. മാത്യു വർഗീസ്, വലിയപീടികയിൽ (വികാരി)**

# അഗതികളുടെ അജപാലകന് അശ്രുപൂജ



പാമ്പാടി: മാർ കുറിയാക്കോസ് ദയറാ മാനേജരും മലങ്കര ഓർത്തഡോക്സ് സഭാ മാനേജിംഗ് കമ്മറ്റി അംഗവുമായ വന്ദ്യ പി. സി. യോഹന്നാൻ റമ്പാൻ സെപ്റ്റംബർ 13-ന് പുലർച്ചെ 3.30-ന് കർത്താവിൽ നിദ്രപ്രാപിച്ചു. സംസ്കാരം 17-ന് 12 മണിക്ക് പരിശുദ്ധ കാതോലിക്കാ ബാവായുടേയും ശ്രേഷ്ഠനിയുക്ത കാതോലിക്കായുടേയും മറ്റ് മെത്രാപ്പോലീത്താമാരുടേയും ഇതര സഭാദ്ധ്യക്ഷന്മാരുടേയും കാർമ്മികത്വത്തിൽ ദയറായിൽ നടത്തപ്പെടും.

16-ന് രാവിലെ കരിപ്പാൽ ആശുപത്രിയിൽ നിന്നും പാമ്പാടിയിലെ കുടുംബവീട്ടിൽ എത്തിക്കുന്ന മൃതദേഹം അവിടെ നിന്ന് ദയറായിൽ എത്തിക്കും. 17-ന് രാവിലെ ദയറായിൽ വി. കുർബ്ബാനയ്ക്ക് ശേഷം മാതൃഇടവകയായ പാമ്പാടി സെന്റ് ജോൺസ് കത്തീഡ്രലിലേക്ക് കൊണ്ടുപോയി പൊതുദർശനത്തിന് വയ്ക്കും. പദയാത്രയായി നഗരികാണിക്കൽ ചടങ്ങ് നടത്തി ഭൗതികശരീരം ദയറായിലെത്തിക്കുകയും അനുശോചന സമ്മേളനം നടത്തുകയും ചെയ്യും. തുടർന്ന് അവസാനഘട്ട ശുശ്രൂഷകൾ നടത്തി ദയറാചാപ്പലിന്റെ തെക്ക് വശത്ത് പ്രത്യേകം തയ്യാറാക്കിയ കബറിൽ സംസ്കരിക്കും.

# പരിശുദ്ധ പാമ്പാടി തിരുമേനിയും യോഹന്നാൻ റമ്പാച്ചനും

### (പ. തിരുമേനിയുടെ ശിഷ്യരും റമ്പാച്ചന്റെ ഗുരുക്കൻമാരുമായ പി. സി. ഐപ്പ് പല്ലാട്ട്, സി. എ. ഏബ്രഹാം ചാമക്കാലാ എന്നിവരുടെ അനുസ്മരണം)

പാമ്പാടി പള്ളിയിൽ ശുശ്രൂഷയ്ക്ക് കൂടിയിരുന്ന പി. സി. യോഹന്നാൻ എന്ന ബാലൻ ഒരിക്കൽ ദയറായിൽ എത്തി. മുൻവശത്ത് നിൽക്കുകയായിരുന്ന ഞാൻ (പി. സി. ഐപ്പ്) കാര്യം തിരക്കിയപ്പോൾ ദയറായിലെ ആരാധനയും ചിട്ടവട്ടങ്ങളും ഹൃദ്യമായി തോന്നുന്നുവെന്നും ഈ വിധം പരിശീലിക്കാൻ ആഗ്രഹമുണ്ട് എന്നും അറിയിച്ചു. ഇവിടെ ചേർന്ന ബാലന് ഞങ്ങൾ ഇരുവരും തിരുമേനിയിൽ നിന്ന് അഭ്യസിച്ചതെല്ലാം പകർന്നു നൽകി. തിരുമേനി ദേഷ്യക്കാരനായിരുന്നതുകൊണ്ടാണ് അഭ്യസനചുമതല ഞങ്ങൾക്ക് നൽകിയത്. എന്തെങ്കിലും തെറ്റ് കണ്ടാൽ തിരുമേനി ഞങ്ങളെ ശിക്ഷിക്കുകയും പിന്നീട് വിളിച്ച് അത് നന്മയ്ക്കാണെന്ന് പറയുകയും ചെയ്യും. റമ്പാച്ചൻ വൈദിക പട്ടമേറ്റശേഷം ആദ്യ കഷ്ടാനുഭവ ആഴ്ചയിൽ തിരുമേനി തോട്ടയ്ക്കാട്ട് ബേതലഹേം പള്ളിയിൽ ഐപ്പാശാനേയും കൂട്ടി പോയപ്പോൾ എന്നെ (സി. എ. ഏബ്രഹാം) അച്ചനെ സഹായിക്കുന്നതിന് ദയറായിൽ നിയോഗിച്ചത് ഇപ്പോഴും ഓർമ്മയിൽ തെളിഞ്ഞു നിൽക്കുന്നു.

പാറേട്ട് ഈവാനിയോസ് തിരുമേനിയുടെ നിർദ്ദേശപ്രകാരം റമ്പാച്ചന്റെ പരിശ്രമഫലമായിട്ടാണ് നിലയ്ക്കലിൽ ആരംഭിച്ച ഐ.റ്റി.സി. പൊത്തൻ പുറത്തേയ്ക്ക് മാറ്റിയത്. അഭയഭവന് വേണ്ടി അനേകവർഷം കുറിച്ചി, വാകത്താനം, പുതുപ്പള്ളി, തൃക്കോതമംഗലം എന്നിവിടങ്ങളിൽ പോയി റമ്പാച്ചൻ നെൽപ്പിരിവ് നടത്തി. പരിശുദ്ധതിരുമേനിയുടെ കാലത്ത് എന്നും ദേശത്തെ ഉണർത്തിയിരുന്നത് പുലർച്ചെ നാലേമുക്കാലിനുള്ള മണിമുഴക്കം ആയിരുന്നു. അത് റമ്പാച്ചന്റെ കാലത്തും പിൻതുടർന്നു വന്നു. തന്റെ ഗുരുവിനെപ്പോലെ പാവങ്ങളെ സഹായിക്കുന്നതിൽ റമ്പാച്ചനും താല്പര്യം കാണിച്ചു. ❑




**സഭയുടേയും സമൂഹത്തിന്റേയും പുണ്യസ്മരണാർഹനായ പിതാവിന് ആദരാഞ്ജലികൾ**

**സോബിച്ചൻ ഏബ്രഹാമും**
**(സഭാ മാനേജിംഗ് കമ്മറ്റി അംഗം)**
**കുടുംബവും**
**ഇരവികുളങ്ങര, കങ്ങഴ, കോട്ടയം.**

# ഗുരുശിഷ്യബന്ധത്തിന്റെ സമുന്നത മാതൃക

### ഫാ. ഡോ. കെ. എം. ജോർജ്

ഭാരതീയ പാരമ്പര്യത്തിലും, പൗരസ്ത്യമായ ഓർത്തഡോക്സ് ക്രിസ്തീയ പാരമ്പര്യത്തിലും നാം ഇന്നും ഏറ്റം വിലമതിക്കുന്ന ഒന്നാണ് ഗുരു ശിഷ്യബന്ധം. അതിന്റെ സമുന്നതമായ ഒരു മാതൃകയാണ് പാമ്പാടി തിരുമേനിയും പി. സി. യോഹന്നാൻ റമ്പാച്ചനും തമ്മിലുള്ള ബന്ധത്തിൽ നാം ദർശിക്കുന്നത്. ഇൻഡ്യയുടെ ആത്മീയ സംസ്കൃതിയിൽ പിതാവു തന്നെയാണ് ഗുരു. പുത്രൻ ശിഷ്യനും. പൗരസ്ത്യ ക്രിസ്തീയ പാരമ്പര്യത്തിലും ഇങ്ങനെ തന്നെ. ആത്മീയ പിതാവ് ഗുരുവും ആത്മീയ പുത്രൻ ശിഷ്യനുമായിത്തീരുന്നു.

പാമ്പാടി തിരുമേനി ബാഹ്യമായ സാമൂഹിക പ്രവർത്തനങ്ങളിൽ ഒരിക്കലും വ്യാപൃതനായിരുന്നില്ല. ഒരു ഭദ്രാസനത്തിന്റെ ഭരണം തന്നെ അദ്ദേഹം തന്റെ സഹായ മെത്രാനിലേക്ക് കൈമാറുകയായിരുന്നു. ആത്മാവിന്റെ ഉള്ളിലേക്ക് തിരിഞ്ഞ് ധ്യാനത്തിനും പ്രാർത്ഥനയ്ക്കും സ്വയം സമർപ്പിച്ച് ഏതെങ്കിലും തരത്തിൽ വേദനിക്കുന്ന സകല മനുഷ്യർക്കും എല്ലാ ജീവജാലങ്ങൾക്കും വേണ്ടി ദൈവസന്നിധിയിൽ രഹസ്യാപേക്ഷ നടത്തിക്കൊണ്ടിരുന്നു. പുറമേ നോക്കുന്നവർക്ക് ഇതൊരുതരം നിഷ്ക്രിയത്വമായി തോന്നാം. എന്നാൽ ദൈവസ്യഷ്ടിയോടുള്ള ആർദ്രസ്നേഹത്താൽ പ്രേരിതമായി, തിരുമേനി നടത്തിയിരുന്ന ഈ ആന്തരികോപാസന അതിശക്തമായ ആത്മികോർജ്ജത്തെ സ്യഷ്ടിച്ചു. ഈ ഊർജ്ജമാണ് ശിഷ്യനായ റമ്പാച്ചനിലൂടെ സാമൂഹിക - വിദ്യാഭ്യാസ - സാധുജന സംരക്ഷണ പ്രവർത്തനങ്ങളായി പരന്നൊഴുകിയത്. ലളിതമായ ഒരു പർണ്ണശാല മാത്രമുണ്ടായിരുന്ന പൊത്തൻപുറം കുന്ന് ഇന്ന് അനേകം തലമുറകൾക്ക് വിദ്യാവെളിച്ചം നൽകുന്ന വിളക്കായും, നിരാലംബരായ നൂറുകണക്കിന് ദൈവമക്കൾക്ക് തണൽ നൽകുന്ന വടവൃക്ഷമായും രൂപാന്തരപ്പെട്ടു. ഗുരു ഒരു പുരുഷായുസ്സിലൂടെ സംഭരിച്ച നിഗൂഢോർജ്ജം തന്റെ പ്രിയ ശിഷ്യനിലൂടെ പരിസ്ഫുരിക്കുന്ന മനോഹരമായ ദൃശ്യമാണിത്. 'മലമേൽ പ്രകാശിക്കുന്ന പട്ടണം' പോലെ പൊത്തൻപുറം മല മനുഷ്യസ്നേഹത്തിന്റെ പ്രകാശം ചൊരിയുവാൻ കാരണമായത് റമ്പാച്ചനും തന്റെ പിതാവായ ഗുരുവും തമ്മിലുള്ള ശ്രേഷ്ഠ ബന്ധമാണ്.

സാമൂഹിക - രാഷ്ട്രീയ മണ്ഡലങ്ങളിൽ ഓർത്തഡോക്സ് സഭയുടെ ഒരു നല്ല അംബാസഡറായിരുന്നു യോഹന്നാൻ റമ്പാച്ചൻ. എന്നാൽ അദ്ദേഹം ഒരിക്കലും ഒരു ചെറിയ സമൂഹത്തിനു വേണ്ടി സങ്കുചിതമായി പറയുകയോ പ്രവർത്തിക്കയോ ചെയ്തില്ല. എല്ലാവരെയും സ്നേഹിക്കാനും എല്ലാവരോടും വിനയാന്വിതമായി പെരുമാറാനും എല്ലാവരെയും നല്ല കാര്യങ്ങളിലേക്ക് പ്രചോദിപ്പിക്കാനും അദ്ദേഹത്തിന് സവിശേഷമായ സിധിധികളുണ്ടായിരുന്നു.



കുറിയാക്കോസ് മാർ ഗ്രീഗോറിയോസ് (പാമ്പാടി തിരുമേനി)

റമ്പാച്ചന്റെ ആത്മീയ ഗുരുക്കന്മാർ



മാത്യൂസ് മാർ ഈവാനിയോസ് (പാറേട്ട് തിരുമേനി)

# അശരണരുടെ അത്താണി

### പ്രൊഫ. ജേക്കബ് കുര്യൻ ഓണാട്ട്

അശരണരോടും പാവപ്പെട്ടവരോടും പാമ്പാടി തിരുമേനിക്കുണ്ടായിരുന്ന കരുതലിന്റേയും സ്നേഹത്തിന്റെയും പ്രതീകമായിട്ടാണ് തിരുമേനി കാലം ചെയ്തതിനുശേഷം ദയറായോടനുബന്ധിച്ച് എം. ജി. എം. അഭയഭവനും മാർ ഗ്രിഗോറിയോസ് ബാലഭവനും ആരംഭിച്ചത്. ഇവയുടെ പ്രധാന ചുമതലക്കാരനെന്ന നിലയിൽ അനാഥമന്ദിരങ്ങളുടെയും ധർമ്മസ്ഥാപനങ്ങളുടെയും നടത്തിപ്പുകാരെ സംഘടിപ്പിച്ച് ഒരു സംസ്ഥാന അസോസിയേഷൻ രൂപവൽക്കരിക്കുന്നതിൽ യോഹന്നാൻ റമ്പാച്ചൻ മുൻകൈയെടുത്തു. കേരളത്തിലെ ഓർഫനേജ് അസോസിയേഷന്റെ സംസ്ഥാന പ്രസിഡന്റായി പ്രവർത്തിച്ചു വരുകയായിരുന്നു. കൂടാതെ ഓർഫനേജ് കൺട്രോൾ ബോർഡിലേയും പ്രമുഖ അംഗമായി പ്രവർത്തിച്ചു. അനാഥാലയങ്ങളിലേയും ധർമ്മസ്ഥാപനങ്ങളിലേയും അന്തേവാസികളായ കുട്ടികൾക്കും മറ്റുമായി ഓർഫനേജ് ഫെസ്റ്റ് എന്ന പേരിൽ ജില്ലാ തലത്തിലും, സംസ്ഥാനതലത്തിലുമൊക്കെ മത്സരങ്ങളും മറ്റും നടത്തുവാൻ അദ്ദേഹം നൽകിയ നേതൃത്വം പ്രശംസനീയമാണ്.

റമ്പാച്ചന്റെ മറ്റൊരു സുപ്രധാന പ്രവർത്തനം മദ്യത്തിനും മയക്കുമരുന്നിനുമെതിരെയുള്ള സഹനസമരമായിരുന്നു. മനുഷ്യനെ കുറ്റകൃത്യങ്ങളിലേക്കും മറ്റും തള്ളിവിടുന്ന മദ്യപാനം ഏറ്റവും വലിയ ഒരു സാമൂഹിക വിപത്തായി കരുതിയ റമ്പാച്ചൻ മദ്യഷാപ്പുകൾക്കെതിരെയും, മാറിമാറി വരുന്ന സർക്കാരുകൾ അനുവർത്തിച്ചുപോരുന്ന മദ്യനയത്തിനെതിരെയുമൊക്കെ സത്യഗ്രഹങ്ങളും മറ്റ് പ്രതിഷേധ പരിപാടികളും നടത്തിയിരുന്നു. സഭാപിതാക്കന്മാരും മറ്റ് സാമൂഹ്യ - സാംസ്കാരിക നേതാക്കന്മാരുമൊക്കെ ഇത്തരം സഹനസമരങ്ങളിൽ പങ്കുചേർന്നിരുന്നു.

# മാർഗ്ഗദർശി

### ചാക്കോ മാലത്ത്

പനിനീർ പൂവിൻഗന്ധം പരത്തും വിശുദ്ധിയും
പുഞ്ചിരി തൂകീടും നൽ ശിശുവിൻ നൈർമ്മല്യവും
ലാളിത്യം തുളുമ്പുന്ന ജീവിത മാർഗങ്ങളും
ലോപമേശാത്ത സ്നേഹ വാത്സല്യ ഭാവങ്ങളും

സ്വർഗ്ഗനാഥന്നർപ്പിക്കും പുഷ്പഹാരമെന്നപോൽ
സംഗമിച്ചീടും രൂപം യോഹന്നാൻ റമ്പാച്ചനാം
പാമ്പാടി തിരുമേനി തന്നരുമശിഷ്യനായ്
പാരിതിൽ പുണ്യത്തിന്റെ സൗരഭം പരത്തിതാൻ

എരിയും വിളക്കിന്റെ നാവറുത്തെത്തും രാവിൽ
നേരിയ പ്രകാശമായ് നേർവഴികാട്ടും താതാ
പാർത്തലെ ആർത്തന്മാരായ് മേവിടുന്നോരെങ്ങളിൽ
പരിതോഷം ചേരുവാൻ മദ്ധ്യസ്ഥമർത്ഥിക്കുന്നേൻ

പാർത്തല സൗഭാഗ്യങ്ങളൊക്കെയും വെടിഞ്ഞീശ
പാതവിട്ടിടാതോട്ടം തികച്ചോരാചാര്യൻ താൻ
ഭക്തരാം സഹസ്രങ്ങൾ ചിത്തത്തിൽ പൂജിച്ചീടും
ഭദ്രദീപമായ് ചിരം നേർവഴികാട്ടീടട്ടെ

**ഫാ. പി. സി. യോഹന്നാൻ റമ്പാൻ: ജീവചരിത്രഫലകം**

ജനനം : 1935 ജൂൺ 24

മാതാപിതാക്കൾ : പോരാളൂർ പുത്തൻപുരയിൽ കുര്യൻ ചാണ്ടിയും അന്നമ്മയും.

ശെമ്മാശുപട്ടം : 1954 സെപ്റ്റംബർ 4-ന് പ. പാമ്പാടി തിരുമേനിയിൽ നിന്നും.

വൈദികപട്ടം : 1957 ജനുവരി 26-ന് പ. പാമ്പാടി തിരുമേനിയിൽ നിന്നും കോത്തല സെഹിയോൻ പള്ളിയിൽ വച്ച്.

റമ്പാൻ സ്ഥാനം : 1983 മാർച്ച് 19-ന് പ. ബസേലിയോസ് മാർത്തോമാ മാത്യൂസ് പ്രഥമൻ ബാവായിൽ നിന്നും.

# സ്നേഹനിധിയായ വലിയ അഭ്യുദയകാംക്ഷി

### ഫാ. സി. എ. വറുഗീസ് ചാമക്കാലായിൽ (അസി. മാനേജർ, പാമ്പാടി ദയറാ)

1957 ജനുവരി 26-ന് കോത്തല സെഹിയോൻ പള്ളിയിൽ വച്ച് പാമ്പാടി തിരുമേനി കശ്ശീശാസ്ഥാനം നൽകിയതോടുകൂടി റമ്പാച്ചന്റെ ഔദ്യോഗിക സഭാശുശ്രൂഷ ആരംഭിക്കുകയായിരുന്നു. പാമ്പാടി തിരുമേനി അവസാനമായി പൗരോഹിത്യസ്ഥാനം കൊടുത്തതും വത്സല ശിഷ്യനായ റമ്പാച്ചനായിരുന്നു. തുടർന്നുള്ള എട്ടുവർഷം പരിശുദ്ധ തിരുമേനിയുടെ സഹായിയും പ്രൈവറ്റ് സെക്രട്ടറിയുമായി റമ്പാച്ചൻ പ്രവർത്തിച്ചു. പാമ്പാടി തിരുമേനി ആഗ്രഹിച്ചിരുന്ന വൃദ്ധമന്ദിരത്തിന് (അഭയഭവൻ) അദ്ദേഹത്തിന്റെ 30-ാം അടിയന്തിരദിവസം ആരംഭം കുറിച്ചു. 1976-ൽ തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം മനസ്സിലാക്കി മാർ ഈവാനിയോസ് ഐ. റ്റി. സി. ആരംഭിച്ചു. പാറേട്ട് തിരുമേനിയുടെ പേരിൽ അദ്ദേഹത്തിന്റെ ജന്മഗൃഹം ഒരു ആശുപത്രിയായി പരിണമിച്ചതിന്റെ മുഖ്യ കാര്യദർശി വന്ദ്യ. യോഹന്നാൻ റമ്പാച്ചനാണ്. പാറേട്ട് തിരുമേനിയുടെ സഹോദരൻ ഇസ്സഡ്. എം. പാറേട്ട് അതിനുള്ള സമ്മതപത്രം എഴുതിക്കൊടുത്തത് യോഹന്നാൻ റമ്പാച്ചന്റെ കൈവശമായിരുന്നു. പ. മാത്യൂസ് പ്രഥമൻ ബാവായുടെ ഒരു വലിയ ആഗ്രഹം ഇതിലൂടെ നിറവേറ്റപ്പെട്ടു.

1983 മാർച്ച് 19-ന് പാമ്പാടി ദയറായിൽ വച്ച് പി. സി. യോഹന്നാൻ അച്ചന് റമ്പാൻ സ്ഥാനം നൽകി. 1983-ൽ റമ്പാൻ സ്ഥാനലബ്ധിയെ തുടർന്ന് ലഭിച്ച സമ്മാനങ്ങളാണ് ബി. എം. എം. സ്കൂളിന്റെ മൂലധനമെന്നതും ഇന്നൊരു രഹസ്യമല്ല. പ. മാത്യൂസ് പ്രഥമൻ ബാവായുടെ നാമധേയത്തിൽ ഒരു സ്കൂൾ ആരംഭിക്കുവാൻ റമ്പാച്ചനെ പ്രേരിപ്പിച്ചതു അദ്ദേഹത്തോടുള്ള ഭക്തിയും സ്നേഹവും മാത്രമായിരുന്നു. തുടർന്ന് 1985-ൽ പരിശുദ്ധ പാമ്പാടി തിരുമേനിയുടെ ജന്മശതാബ്ദി സ്മാരകമായി മാർ ഗ്രിഗോറിയോസ് ബാലഭവനം ആരംഭിച്ചു.

സമൂഹം തള്ളിക്കളഞ്ഞ എയിഡ്സ് രോഗികൾക്കും ആരാലും സ്നേഹിക്കപ്പെടാത്ത കുഞ്ഞുങ്ങൾക്കും വേണ്ടി വെറും പ്രസംഗങ്ങളും ആധര വിലാപങ്ങളും നടത്തിക്കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ വലിയ പ്രസംഗപാടവം ഇല്ലാത്ത റമ്പാച്ചൻ ഈ അശരണർക്കു വേണ്ടി ആരംഭിച്ച ആശാകിരൺ കെ. ജി. കോളജ് കുന്നിൽ ഉയർന്നു നില്ക്കുന്നതു കാണുമ്പോൾ ആർക്കാണ് സന്തോഷിക്കാതിരിക്കുവാൻ കഴിയുന്നത്.

# ദൈവസ്നേഹം പകരുന്ന ജനസേവകൻ

### ഉമ്മൻ ചാണ്ടി എം. എൽ. എ.

ബഹുമാന്യനായ പി. സി. യോഹന്നാൻ റമ്പാച്ചൻ മനുഷ്യ നന്മയുടെ പ്രതീകമാണ്. മറ്റുള്ളവരുടെ സന്തോഷത്തിനു വേണ്ടി എല്ലാം ത്യജിക്കുന്ന റമ്പാച്ചൻ സേവനത്തിന്റെയും സ്നേഹത്തിന്റെയും ആൾരൂപമാണ്. പരിശുദ്ധനായ പാമ്പാടി തിരുമേനിയുടെ ശിഷ്യനായ റമ്പാച്ചന് മറ്റുള്ളവരെക്കുറിച്ചുള്ള കരുതൽ തിരുമേനിയുടെ സഹവർത്തിത്വത്തിൽ നിന്നു ലഭിച്ചിട്ടുള്ളതാണ്.

പാമ്പാടി ദയറായും പി. സി. യോഹന്നാൻ റമ്പാച്ചനും തമ്മിലുള്ള ബന്ധം അഭേദ്യമാണ്. എല്ലാ വികസനപ്രവർത്തനങ്ങളുടെയും പിന്നിലെ ശക്തി റമ്പാച്ചനാണ്. നിമിഷ വേഗത്തിലായിരുന്നു എല്ലാറ്റിന്റെയും പൂർത്തീകരണം.

എല്ലാവരോടും നല്ല ബന്ധമാണ് റമ്പാച്ചൻ പുലർത്തിയത്. ശത്രുക്കളില്ല. റമ്പാച്ചനോട് ആരെങ്കിലും നീരസം പ്രകടിപ്പിച്ചാൽ സ്വതസിദ്ധമായ പുഞ്ചിരിയിൽ എല്ലാം തീരും.

# യോഹന്നാൻ റമ്പാച്ചൻ കുന്നംകുളത്തുകാരുടെ മനസിൽ

### ജേക്കബ് പി. ജേക്കബ് (മുൻ. മുനിസിപ്പൽ ചെയർമാൻ, കുന്നംകുളം)

കർത്താവിൽ നിദ്രപ്രാപിച്ച റമ്പാച്ചൻ കുന്നംകുളത്തുകാരുടെ മനസിൽ ഒരോർമ്മയായി അവശേഷിക്കുന്നു. 1935-ൽ കുന്നംകുളത്തെ പ്ലേഗിന്റെ കരാളഹസ്തത്തിൽ നിന്ന് രക്ഷിച്ച പ. പാമ്പാടി തിരുമേനിയുമായുള്ള സ്നേഹബന്ധം തിരുമേനിയുടെ ശിഷ്യനായ റമ്പാച്ചനിലൂടെ വളരുകയായിരുന്നു. കുന്നംകുളത്തുകാരുടെ നിരന്തര ആവശ്യം പരിഗണിച്ച് പഴയപള്ളി, അടുപ്പൂട്ടി പള്ളി, മലങ്കര ആശുപത്രി ചാപ്പൽ എന്നിവിടങ്ങളിൽ പ. പാമ്പാടി തിരുമേനിയുടേയും വൈശേരി പള്ളിയിൽ പ. പരുമല തിരുമേനിയുടേയും തിരുശേഷിപ്പ് സ്ഥാപിക്കുന്നതിൽ മുൻകൈ എടുത്ത് പ്രവർത്തിച്ച റമ്പാച്ചനെ നന്ദിയോടെ സ്മരിക്കുന്നു. റമ്പാച്ചൻ പലപ്പോഴും പറയുമായിരുന്നു തന്റെ ഗുരു തന്നെ ഏൽപിച്ച ഒരു കാര്യമുണ്ട് കുന്നംകുളത്തുകാർ നമ്മുടെ മക്കളാണ് എപ്പോഴും അവരെക്കുറിച്ച് ഒരു കരുതൽ വേണം. അത വസാന നിമിഷം വരെയും പാലിച്ചു. ഈ നാട്ടിലെ സാധാരണക്കാരന്റെ വീട്ടിൽ ഒരു പ്രശ്നമുണ്ടായാൽ റമ്പാച്ചനോട് പ്രാർത്ഥിക്കാൻ പറയുക എന്നത് കുന്നംകുളത്തുകാരുടെ സ്വഭാവമായി മാറി. കാരണമുണ്ട് അവന്റെ ഹൃദയവേദനയും സന്തോഷവും തന്റേതായി ഏറ്റെടുത്ത് അതിൽ പങ്കുചേരുന്നതിൽ റമ്പാച്ചൻ എപ്പോഴും സൻമനസ്സുള്ളവനായിരുന്നു. തന്റെ തിരക്കു പിടിച്ച പ്രവർത്തനങ്ങൾക്കിടയിലും പാമ്പാടിയിൽ എത്തുന്ന കുന്നംകുളത്തുകാരേ ഹൃദയപൂർവ്വം സൽക്കരിക്കാൻ അദ്ദേഹം മറക്കാറില്ല. റമ്പാച്ചന്റെ നഷ്ടം കുന്നംകുളത്തെ സംബന്ധിച്ച് വലിയ ഒരു നഷ്ടമാണ്. അദ്ദേഹത്തിന്റെ പാവന സ്മരണയ്ക്കു മുൻപിൽ ഞങ്ങളുടെ കണ്ണീരിൽ കുതിർന്ന സ്നേഹമലരുകൾ അർപ്പിക്കുന്നു.

**ദക്ഷിണധ്വനി**
എഡിറ്റോറിയൽ ബോർഡ്
ചെയർമാൻ & പബ്ലീഷർ
റവ. ഫാ. മാത്യു വറുഗീസ്
ചീഫ് എഡിറ്റർ
വിപിൻ കെ. വറുഗീസ്, കുരയ്ക്കവയലിൽ
സബ് എഡിറ്റർമാർ
ബോബി എ. ചാണ്ടി ഐക്കരമറ്റത്തിൽ,
സുജിത് പി. കുറിയാക്കോസ് പുളിമൂട്ടിൽ,
സാംസൺ കുറിയാക്കോസ് കണ്ണന്താനം.

# യോഹന്നാൻ റമ്പാച്ചനും തെക്കൻ പാമ്പാടി സെന്റ് തോമസ് ദേവാലയവും

### സി. ജെ. സാമുവൽ, ചിറയ്ക്കത്തോട്ടം (മുൻ ട്രസ്റ്റി)

ദൈവകൃപയിലും പ. പാമ്പാടി തിരുമേനിയുടെ സ്നേഹോദാരമായ പരിപാലനയിലും നിലനിന്നു വളർന്ന തെക്കൻ പാമ്പാടി പള്ളിയുടെ ഒരു നൂറ്റാണ്ടു പൂർത്തീകരിക്കുന്ന ചരിത്രത്തിൽ പൊത്തൻ പുറം ദയറായുമായുള്ള ബന്ധം അവിസ്മരണീയമാണ്. ആദ്യകാലങ്ങളിൽ പ. തിരുമേനിയുടെ സഹോദരപുത്രൻ പേഴമറ്റത്ത് പി. എ. കുറിയാക്കോസ് അച്ചൻ ഈ ബന്ധം അഭംഗുരം കാത്തു സൂക്ഷിച്ചെങ്കിൽ പിൽക്കാലങ്ങളിൽ അത് നിലനിർത്തിയതും വളർത്തിയതും തിരുമേനിയുടെ ആത്മീയ പുത്രൻ വന്ദ്യ ദിവ്യശ്രീ പി.സി. യോഹന്നാൻ റമ്പാൻ തന്നെയാണ്. ഇടവകയുടെ ആത്മീയവും കൗദാശികവുമായ എല്ലാ പ്രവർത്തനങ്ങൾക്കുമൊപ്പം എന്ന പോലെ എല്ലാ വികസന പ്രക്രിയകളിലും റമ്പാച്ചന്റെ സജീവ സാന്നിദ്ധ്യവും നേതൃത്വവും മാർഗ്ഗനിർദ്ദേശങ്ങളും എക്കാലത്തും ലഭിച്ചിരുന്നു എന്നത് ഞങ്ങൾ നന്ദിപൂർവ്വം സ്മരിക്കുന്നു.

1986 ജനുവരിയിൽ ദേവാലയം പുതുക്കി പണിത് കൂദാശ നടത്തിയപ്പോൾ പ. പാമ്പാടി തിരുമേനിയുടെ സ്മരണാർത്ഥം തിരുശേഷിപ്പ് സ്ഥാപിക്കുവാനുള്ള ആഗ്രഹം പള്ളിക്കുവേണ്ടി അറിയിച്ചപ്പോൾ തിരുമേനി സ്വന്തം കൈപ്പടയിൽ എഴുതി തയ്യാറാക്കി ഉപയോഗിച്ചുവന്ന ഒരു പ്രാർത്ഥനാപുസ്തകവും മസനപ്സായും തൂവാലയും സസന്തോഷം നൽകി അനുഗ്രഹിച്ച ബഹുമാനപ്പെട്ട റമ്പാച്ചന്റെ വിശാലമനസ്കതയും സൗമനസ്യവും ഞങ്ങൾ അനുഭവിച്ചറിഞ്ഞു. അത്യാദരപൂർവ്വം ഈ തിരുശേഷിപ്പ് ഒരു പേടകത്തിൽ പ്രതിഷ്ടിച്ചു.

ഇടവകാംഗങ്ങളായ ആർക്കെങ്കിലും രോഗമോ മരണമോ ഉണ്ടായാൽ, ഏത് ജോലിത്തിരക്കിനിടയിലും ഭവനസന്ദർശനത്തിനും ബന്ധപ്പെട്ടവരെ സമാശ്വസിപ്പിക്കുന്നതിനും അദ്ദേഹം സമയം കണ്ടെത്തിയിരുന്നു.

Published by Fr. Mathew Varghese on behalf of St. Thomas OCYM, South Pampady, Chief Editor Vipin K. Varughese Printed at Sophia Print House, Kottayam